**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 156** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>കോന്നി മണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ നിർമ്മാണ പുരോഗതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. യു. ജനീഷ് കുമാർ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** കോന്നി മണ്ഡലത്തിൽ നിലവിൽ നിർമ്മാണം പുരോഗമിക്കുന്ന ആരോഗ്യ സ്ഥാപനങ്ങളുടെ നിർമ്മാണപുരോഗതി വ്യക്തമാക്കാമോ?

**<u>മറുപടി:</u>** 1) കോന്നി മണ്ഡലത്തിൽ ഉൾപ്പെടുന്ന കോന്നി മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഫേസ് 1, ഫേസ് 2 എന്നിങ്ങനെ രണ്ട് ഘട്ടമായിട്ടാണ് നടപ്പിലാക്കിയത്. 300 ബെഡ്ഡഡ് ആശുപത്രിയും അക്കാദമിക് ബ്ലോക്ക് എന്നിവയ്ക്കായി പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 145.21 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും 2016 ൽ ആയതിന്റെ പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

2) കിഫ്ബി ഫണ്ടുപയോഗിച്ചുള്ള രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി 351.72 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആയതിൽ ഉൾപ്പെട്ട ബോയ്സ് & ഗേൾസ് ഹോസ്റ്റൽ, ഡീൻസ് വില്ല, ഓട്ടോപ്സി ബ്ലോക്ക്, ടൈപ്പ് ബി ക്വാർട്ടേഴ്സ്, ടൈപ്പ് ഡി ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 200 ബെഡ്ഡഡ് ഹോസ്പിറ്റൽ ബിൽഡിംഗ് നിർമ്മാണം 75% ഉം, എം.ബി.ബി.എസ് വിദ്യാർത്ഥികൾക്കായി നിർമ്മിക്കുന്ന 800 പേർക്ക് ഇരിക്കാവുന്ന ഓഡിറ്റോറിയം 60% ഉം, ടൈപ്പ് എ ക്വാർട്ടേഴ്സ്, ടൈപ്പ് സി ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണം 80% ഉം പൂർത്തീകരിച്ചിട്ടുണ്ട്.

3) കോന്നി താലൂക്കാശുപത്രിയിൽ മാതൃ വിഭാഗത്തിന്റെ ശാക്തീകരണത്തിനായി 2.07 കോടി രൂപ അനുവദിക്കുകയും 96 % നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

4) പി.ഡബ്ല്യ.ഡി മുഖാന്തിരം 7.5 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന കോന്നി താലൂക്കാസ്ഥാനാശുപത്രിയിലെ പുതിയ കെട്ടിട നിർമ്മാണത്തിന്റെ 97% പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.

5) പി.ഡബ്ല്യ.ഡി മുഖാന്തിരം 7.62 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന മലയാലപ്പുഴ കുടുംബാരോഗ്യകേന്ദ്രത്തിന്റെ പുതിയ കെട്ടിട നിർമ്മാണത്തിന്റെ 90% പ്രവൃത്തികൾ പൂർത്തീകരിച്ചു.

6) പി.ഡബ്ല്യ.ഡി മുഖാന്തിരം 3.2 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന ചിറ്റാർ സാമൂഹികാരോഗ്യകേന്ദ്രത്തിന്റെ പുതിയ കെട്ടിട നിർമ്മാണത്തിന്റെ 30% പ്രവൃത്തികൾ പൂർത്തീകരിച്ചു.

7) തദ്ദേശ സ്വയംഭരണ വകുപ്പ് മുഖാന്തിരം 24.85 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന കൂടൽ കുടുംബാരോഗ്യകേന്ദ്രത്തിന്റെ പുതിയ കെട്ടിട നിർമ്മാണം പൂർത്തിയായി പ്രവർത്തനമാരംഭിച്ചു.

8) പി.ഡബ്ല്യു.ഡി മുഖാന്തിരം 6.62 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന കൂടൽ കുടുംബാരോഗ്യകേന്ദ്രത്തിന്റെ പുതിയ ബ്ലോക്ക് നിർമ്മാണത്തിന്റെ 90% പണികൾ പൂർത്തീകരിച്ചു.

9) പ്ലാൻ ഫണ്ട് ഉപയോഗിച്ച് 3.11 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന ചിറ്റാർ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു.

**സെക്ഷൻ ഓഫീസർ**